## പതിനാലാം കേരള നിയമസഭ
## പതിനെട്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 881 — 05.02.2020 -ൽ മറുപടിയ്ക്ക്

## ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാരുടെ സേവന വ്യവസ്ഥകൾ

| ചോദ്യം | മറുപടി |
| --- | --- |
| **ശ്രീ.മോൻസ് ജോസഫ്**<br>**ശ്രീ.പി.ജെ.ജോസഫ്** | **ശ്രീ.കെ.രാജു**<br>(വനവും മൃഗസംരക്ഷണവും ക്ഷീരവികസനവും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) കേരളാ ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഫസ്റ്റ് ഗ്രേഡ്, അസ്സിസ്റ്റന്റ് ഫീൽഡ് ഓഫീസർ എന്നീ തസ്തികകളിലെ ജീവനക്കാരുടെ സംസ്ഥാനതല സ്ഥലംമാറ്റ ഉത്തരവിന്റെ പേരിൽ ഉണ്ടായിരിക്കുന്ന ആശങ്കകൾക്ക് പരിഹാരം കണ്ടെത്തുന്നതിന് നടപടികൾ സ്വീകരിക്കുമോ; സ്ഥലംമാറ്റങ്ങൾ ഓൺലൈൻ വഴി നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ; | (എ) വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർമാർ സംസ്ഥാനതല പൊതു സ്ഥലംമാറ്റം അനുവദിക്കുന്നതിനായി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിലും, ബഹു.കേരള ഹൈക്കോടതിയിലും ഫയൽ ചെയ്തിരിക്കുന്ന കേസുകളിന്മേൽ ബഹു.കോടതികൾ ഉത്തരവ് പുറപ്പെടുവിച്ചതിന്റെയും, നിലവിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ 04.02.2019 -ലെ CP(EKM)153/2019 in OA (EKM)1227/19 നമ്പർ കോടതി അലക്ഷ്യ കേസിന്മേലുള്ള ഉത്തരവിന്റ അടിസ്ഥാനത്തിലുമാണ് വകുപ്പിലെ ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I, അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ തസ്തികയിലെ ജീവനക്കാർക്ക് സംസ്ഥാനതല പൊതു സ്ഥലമാറ്റം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നത്. സ്ഥലംമാറ്റ നടപടിയുടെ ഓരോ ഘട്ടത്തിലും താൽക്കാലിക പട്ടികകൾ പുറപ്പെടുവിക്കുകയും, അപേക്ഷകർക്കു പരാതികളും, ആക്ഷേപങ്ങളും സമർപ്പി-ക്കുന്നതിനു അവസരം നൽകുന്നതും, നിയമപരമായ ആക്ഷേപങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമായിരിക്കും. സ്ഥലംമാറ്റ നടപടികൾ പ്രാഥമിക ഘട്ടത്തിലാണ്.<br>ലൈവ്സ്റ്റോക്ക് ഇൻസ്പെക്ടർ ഗ്രേഡ് I, അസിസ്റ്റന്റ് ഫീൽഡ് ഓഫീസർ തസ്തികയിലെ ജീവനക്കാരുടെ സംസ്ഥാനതല പൊതു സ്ഥലംമാറ്റങ്ങൾ വകുപ്പിൽ ആദ്യമായാണ് നടപ്പിലാക്കുന്നത്. ആയതിനാൽ നിരവധി പ്രായോഗിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നുണ്ട്. ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ ഉത്തരവ് |

പ്രകാരം സംസ്ഥാനതല പൊതു സ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ക്ഷണിച്ച്, ആയതിൽ നടപടികൾ സ്വീകരിച്ച വരുന്ന സാഹചര്യത്തിൽ സ്ഥലംമാറ്റം ഓൺലൈൻ വഴി നടത്തുന്നതിന് നിലവിൽ പ്രായോഗിക ബുദ്ധിമുട്ടുകൾ നിലനിൽക്കുന്നുണ്ട്.

| | |
|---|---|
| (ബി) ദേശീയ കന്നുകാലി സെൻസസ് പൂർത്തീകരിച്ചിട്ടും സെൻസസ് ഉദ്യോഗസ്ഥർക്ക് അർഹമായ വേതനം നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; ആയത് എന്നേക്ക് നൽകുവാൻ കഴിയും എന്നറിയിക്കാമോ; | (ബി) 20-ാം കന്നുകാലി സെൻസസിന്റെ നിയന്ത്രണ ചുമതല കേന്ദ്ര സർക്കാരിനാണ്. ആയതിന്റെ ഹോണറേറിയം അനുവദിക്കുന്നതും കേന്ദ്ര സർക്കാരാണ്. 20-ാം കന്നുകാലി സെൻസസിന്റെ വിവരശേഖരണം ആദ്യം ആരംഭിച്ച് (2018 ഒക്ടോബർ 1) പൂർത്തീകരിച്ച 18 സംസ്ഥാനങ്ങൾക്ക മാത്രമേ നിലവിൽ കേന്ദ്ര സർക്കാർ ഹോണറേറിയം അനുവദിച്ചിട്ടുള്ളൂ. 2018, 2019 വർഷങ്ങളിൽ കേരളത്തിലുണ്ടായ മഹാ പ്രളയം കാരണം 20-ാം കന്നുകാലി സെൻസസ് സംസ്ഥാനത്ത് 2019 ഫെബ്രുവരി, മാർച്ച് മാസങ്ങളിൽ ആരംഭിച്ച് 2019 സെപ്റ്റംബർ മാസത്തിൽ മാത്രമേ പൂർത്തീകരിക്കാൻ സാധിച്ചുള്ളൂ. രണ്ടാം ഘട്ടം സെൻസസ് ആരംഭിച്ച സംസ്ഥാനങ്ങൾക്ക് നിലവിൽ കേന്ദ്ര സർക്കാർ ഹോണറേറിയം അനുവദിച്ചിട്ടില്ല. 20-ാം കന്നുകാലി സെൻസസിന്റെ വിവരശേഖരണം സംസ്ഥാനത്ത് പൂർത്തിയായ സാഹചര്യത്തിൽ ഹോണറേറിയം അടിയന്തരമായി അനുവദിക്കുവാൻ വകുപ്പ് നിരവധി കത്തുകൾ കേന്ദ്ര സർക്കാരിന് അയച്ചിട്ടുണ്ട്. 20-ാം കന്നുകാലി സെൻസസിന്റെ ഹോണറേറിയം കേന്ദ്ര സർക്കാർ അനുവദിക്കുന്ന മുറയ്ക്ക് സംസ്ഥാനത്ത് തുക വിതരണം ചെയ്യുന്നതാണ്. |
| (സി) വെറ്ററിനറി ഉപകേന്ദ്രങ്ങളുടെ ഭരണ നിയന്ത്രണം റീജിയണൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ സെന്ററുകളുടെ പരിധിയിലാക്കുന്നതും ഉപകേന്ദ്രങ്ങളിലെ ജീവനക്കാർക്ക് വീക്ക് ലി ഓഫ് അനുവദിക്കുന്നതുമായ ആവശ്യങ്ങളിന്മേൽ ഇതുവരെ കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (സി) വെറ്ററിനറി ഉപകേന്ദ്രങ്ങളുടെ ഭരണ നിയന്ത്രണം റീജിയണൽ ആർട്ടിഫിഷ്യൽ ഇൻസെമിനേഷൻ സെന്ററുകളുടെ പരിധിയിലാക്കുന്നതിനുള്ള പ്രൊപ്പോസൽ ഒന്നും ലഭിച്ചിട്ടില്ല.<br><br>27.09.08 ലെ സ.ഉ(കൈ)നം.161/08/എ.ഡി പ്രകാരം വകുപ്പിലെ സാങ്കേതിക വിഭാഗം ജീവനക്കാർക്ക്, ടി ആഫീസുകളുടെ ചുമതലയുള്ള ഉദ്യോഗസ്ഥന് ആ സ്ഥാപനത്തിന്റെ പ്രവർത്തനത്തിന് തടസ്സം വരാത്ത വിധത്തിൽ വീക്ക് ലി ഓഫ് അനുവദിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മൃഗസംരക്ഷണ വകുപ്പ് ശാസ്ത്രീയമായി പുനസംഘടിപ്പിക്കുന്നതിനും പാരാ-വെറ്ററിനറി കൗൺസിൽ രൂപീകരിക്കുന്നതിനും ജീവനക്കാരുടെ ഡ്യൂട്ടി ക്രമീകരിച്ച് ഉത്തരവ് ഇറക്കുന്നതിനും നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ഡി) | മൃഗസംരക്ഷണ വകുപ്പിന്റെ ശാസ്ത്രീയ പുന:സംഘടന സംബന്ധിച്ച നടപടികൾ നടന്നു വരികയാണ്.<br>പാരാ വെറ്ററിനറി കൗൺസിൽ രൂപീകരിക്കുന്നത് സംബന്ധിച്ച വിഷയം പരിശോധിച്ചു വരികയാണ്. |
| (ഇ) | ക്ഷീരകർഷകർക്ക് ആവശ്യമായ മരുന്നുകളും പ്രഥമ ശുശ്രൂഷയും ഉപകേന്ദ്രങ്ങൾ വഴി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | ബഡ്ജറ്റ് വിഹിതം ലഭ്യമായതനുസരിച്ച്, വാങ്ങുന്ന മരുന്നുകളിൽ പ്രഥമ ശുശ്രൂഷയ്ക്കാവശ്യമായ മരുന്നുകൾ ഉപകേന്ദ്രങ്ങൾക്ക് നൽകി വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ